LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ചചെയ്യുവാൻ ധനകാര്യമന്ത്രിയേയും ജലസേചന മന്ത്രിയേയും ഉടൻതന്നെ ചെന്നൈയിലേക്ക് അയയ്ക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്ക് നൽകിയ ഉറപ്പ്. സമരംകൂടി കൺസിഡർ ചെയ്യാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് സമരം പിൻവലിച്ചത്. അല്ലാതെ വെള്ളം കിട്ടിയതുകൊണ്ടല്ല. അതുകൂടി മനസ്സിലാക്കണം.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ വെള്ളം കിട്ടുന്നുണ്ട്. കിട്ടുന്നില്ല എന്ന് പറയുന്നത് ശരിയല്ല.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സത്യം പറയുന്ന കളക്ടറാണ്. അദ്ദേഹത്തോട് ചോദിക്കൂ.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇന്നലെ ജില്ലാ കളക്ടറുമായി സംസാരിച്ചു. ഞാൻ കളക്ടറോട് പറഞ്ഞിരിക്കുന്നത്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ എഞ്ചിനീയർ പറയുന്ന ക്വാണ്ടിറ്റി വെള്ളം കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും tail end വരെ വെള്ളം കിട്ടുന്നുണ്ടോയെന്നുള്ള കാര്യം ഫീൾഡിൽപ്പോയി പരിശോധിക്കണമെന്നും ആണ്. അദ്ദേഹം ഇന്ന് രാവിലെ അവിടെ പോകുന്നുണ്ട്. തമിഴ്നാട്ടിലേക്ക് എന്നെയും ധനകാര്യമന്ത്രിയേയുംകൂടി അയയ്ക്കുമെന്ന് മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അവിടെ പോയാൽ കുമാരി ജയലളിതയെക്കൂടി കാണണം. എങ്കിലേ കൂടുതൽ വെള്ളം കിട്ടാൻ മാർഗ്ഗമുണ്ടോയെന്ന് പറയുവാൻ കഴിയൂ. എപ്പോഴാണ് അവരുടെ convenient time എന്ന് ചോദിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ ഉച്ച മുതൽ അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരെ കാണുന്നതിന് സമയം കിട്ടിയാൽ ഉടൻതന്നെ ഞങ്ങൾ പോകും.

(2) ആറന്മുള ഉത്രട്ടാതി ജലോത്സവം മുടങ്ങിയ സാഹചര്യം

ശ്രീമതി മാലേത്ത് സരളാദേവി: സർ, ചരിത്രപ്രസിദ്ധമായ ആറന്മുള വള്ളംകളിയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. പമ്പാനദിയിൽ വെള്ളം കുറവായതുകാരണം കഴിഞ്ഞ വർഷം ഉത്രട്ടാതി ജലമേളയിലെ മത്സര വള്ളംകളി നടന്നില്ല. ചെറുതും വലുതുമായ നിരവധി ജലമേളകൾ നമ്മുടെ നദികളിൽ നടക്കുന്നുണ്ട്. എങ്കിലും ആറന്മുള വള്ളംകളി ഏറ്റവും പ്രസിദ്ധവും വ്യത്യസ്തവുമായി നിലകൊള്ളുന്നു. 350 വർഷത്തെ പഴക്കമുണ്ടെന്ന് വിശ്വസിക്കുന്ന ഒന്നാണ് ആറന്മുള വള്ളംകളി. നിലയ്ക്കൽനിന്ന് ആറന്മുളയിൽകെട്ടിയ ചങ്ങാടത്തിൽ സാക്ഷാൽ ഭഗവാൻ വന്നതിന്റെ ഓർമ്മയ്ക്കായി

ആ സ്ഥലം തിരുവാറന്മുള-ആറന്മുള എന്ന് ലോകപ്രസിദ്ധമായിത്തീർന്നു. പുണ്യ നദിയായ പമ്പയുടെ ഇരുകരകളിൽ നിലകൊള്ളുന്ന സംസ്കാരത്തിനും പ്രത്യേകതയുണ്ട്. ഇതിന്റെ ആധാരം തിരുവാറന്മുള പാർത്ഥസാരഥി ക്ഷേത്രമാണ്. വർഷങ്ങൾക്ക് മുമ്പ് ആറന്മുള ദേവന് വഴിപാടായിട്ടാണ് വള്ളംകളി നടത്തിയിരുന്നത്. പാർത്ഥസാരഥി ക്ഷേത്രത്തോട് അനുബന്ധിച്ച് വർഷങ്ങളായി നടന്നുവരുന്ന ഭക്തിസാന്ദ്രമായ ഉത്രട്ടാതി ജലോൽസവം മറ്റ് ജലമേളകളിൽനിന്ന് വ്യത്യസ്തമായി നോക്കിക്കാണണമെന്ന് അപേക്ഷിക്കുകയാണ്. ആറന്മുള ജലോൽസവത്തിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് ഭഗവൽ സാന്നിദ്ധ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിനാൽ 'പള്ളിയോടങ്ങൾ' എന്നാണ് അറിയപ്പെടുന്നത്. ഈ പള്ളിയോടങ്ങൾക്ക് വ്യത്യസ്ത രൂപകൽപ്പനയും ആകൃതിയും നിലനിൽക്കുന്നു. പള്ളിയോടങ്ങൾക്ക് 110 മുതൽ 120 അടിവരെ നീളമുണ്ട്. ജലപ്പരപ്പിൽ നിന്ന് ഏകദേശം രണ്ടാൾ പൊക്കത്തിൽ ഉയർന്നുനിൽക്കുന്ന അമരവും, ഏതാണ്ട് ഒരാൾ പൊക്കത്തിലുള്ള കൂമ്പും നിലനിൽക്കുന്നതാണ് ഈ പള്ളിയോടങ്ങൾ. മുന്നിൽ രണ്ട് ഭാഗം പള്ളിയോടങ്ങൾ മാത്രമേ വെള്ളത്തിൽ സ്പർശിക്കുന്നുള്ളൂ. തച്ചുശാസ്ത്ര വിദ്യയുടെ ചാരുതയായി ആറന്മുള പള്ളിയോടങ്ങൾ നിലകൊള്ളുന്നു. അനന്തശയന ആകൃതിയിൽ ആറന്മുളയുടെ തനതായ പള്ളിയോടങ്ങൾ ഭഗവൽ സാന്നിദ്ധ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിനാൽ തിരുവാറന്മുളയിലെ അന്നദാനപ്രഭു രണപ്രിയന്റെ ഭാവം പ്രകടിപ്പിക്കുന്നത് ഈ വള്ളംകളിയിൽ മാത്രമാണ്. "മാനസ്സനാനം, വിഷ്ണുചിന്തനം" ഭഗവാനെ ചിന്ത ചെയ്യുന്നത് മനസ്സുകൊണ്ടുള്ള സ്നാനമാണെന്ന് വിളിച്ചറിയിക്കുന്നതാണ് ആറന്മുള വള്ളംകളി. ഞാൻ എന്റെ ഓരോ അംശംകൊണ്ടും ലോകം മുഴുവൻ വ്യാപിച്ചുനിൽക്കുകയാണെന്ന് വള്ളംകളി കണ്ടുകൊണ്ടിരിക്കുന്ന ആളുകളുടെ മനസ്സിൽക്കൂടി ഓടി നടക്കുന്ന ഒരു ചേതോവികാരമാണ്. പള്ളിയോടങ്ങളിൽ പ്രത്യേക ആകൃതിയിലാണ് വേഷവിധാനം ചെയ്യുന്നത്. തൂവെള്ള മുണ്ട് ഉടുത്ത്, വെള്ള തോർത്ത് തലയിൽ കെട്ടി, അമരത്ത് യഥാക്രമം ഒന്നു മുതൽ അഞ്ച് വരെ അടനയമ്പുമായി നിൽക്കുന്നു. ഇരുവശങ്ങളിലായി നൂറോളം തുഴക്കാരും, നടുപകുതിയിൽ നിലയാളും കാറ്റുമറയിൽ മുത്തുക്കുടയും നിവർത്തിപ്പിടിച്ച് കാരണവന്മാരുടെ നേതൃത്വത്തിൽ വഞ്ചിപ്പാട്ടുകാരും ചിത്രപ്പണിയുള്ള കൂമ്പിനോട് ചേർന്ന് ആളുകളും ഇരിക്കുന്നു. അർജ്ജുനൻ നാരായണപുരത്ത് പ്രതിഷ്ഠിച്ച് ചിങ്ങമാസത്തിലെ ഉത്രട്ടാതി നാളിൽ ഭൂമീദേവി ആറന്മുള ക്ഷേത്രത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. ചിങ്ങത്തിലെ ഉത്രട്ടാതി നാളിലെ പ്രതിഷ്ഠാദിനത്തിന്റെ ഓർമ്മയാണ് ആറന്മുള വള്ളംകളി. ആഞ്ഞിലിത്തടിയിൽ നിർമ്മിച്ച പള്ളിയോടങ്ങൾ തച്ചുശാസ്ത്ര വിദ്യയുടെ ചാരുതയായി നിലകൊള്ളുന്ന അനന്തശയന ആകൃതിയിലുള്ള ആറന്മുളയുടെ മാത്രം തനതായ പള്ളിയോടങ്ങൾ അതീവ സങ്കീർണ്ണമായ നിർമ്മാണ രീതിയിലാണ് നിലകൊള്ളുന്നത്. ആറന്മുള വള്ളംകളി ഭക്തിയുടേയും വിശ്വാസത്തിന്റേയും ആചാരപരമായ പ്രത്യേകതകളുടെയും സംഗമവേദിയാണ്. ലോകത്ത് ഒരിടത്തും ഇല്ലാത്ത അപൂർവ്വ കേരളീയ വിദ്യയുടെ അത്ഭുത പ്രകടനമാണ്

LIBRARY ARCHIVES Kerala Legislative Assembly

തിരുവാറന്മുള പള്ളിയോടങ്ങളുടേത്. കഴിഞ്ഞ വർഷം ഉത്രട്ടാതി നാളിൽ പമ്പാനദിയിൽ വെള്ളം ഇല്ലാത്ത കാരണത്താൽ മൽസര വള്ളംകളി നടന്നില്ല. വേദി പങ്കിട്ട ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ വകുപ്പിലൂടെ വിനോദസഞ്ചാരത്തിന് ഇൻഡ്യയിൽ പന്ത്രണ്ട് വില്ലേജുകൾ എടുത്തപ്പോൾ അതിൽ കേരളത്തിലെ രണ്ട്

10-A.M.] വില്ലേജുകളിൽ ഒന്നായി "ആറന്മുള"യെ ഉൾപ്പെടുത്തിയതിൽ വളരെ സന്തോഷമുണ്ട്. അതുപോലെ തന്നെ ജലവിഭവ വകുപ്പുമന്ത്രിക്ക് ആറന്മുള വള്ളംകളിയുടെ മുഴുവൻ കാര്യങ്ങളും അറിയാവുന്നതാണ്. ആറന്മുള ജലോൽസവം പമ്പയാറിൽ നടത്തേണ്ടത് സാംസ്കാരിക പൈതൃകത്തിന്റെ ആവശ്യമാണ്. സർ, ആറന്മുള വള്ളംകളിക്ക് വെള്ളം ഇല്ലാതെ വരുന്നതിന്റെ പ്രധാന കാരണം നമ്മൾ കണ്ടുപിടിക്കേണ്ടതുണ്ട്. ആറന്മുള നിക്ഷേപമാലി മുതൽ ആറന്മുളയിലെ കോയിക്കൽ കടവുവരെയുള്ള ഭാഗങ്ങളിൽ മൂഴിയാർ ഡാമിൽ നിന്ന് വെള്ളം തുറന്നുവിട്ടാണ് രണ്ടു-മൂന്നു വർഷക്കാലമായി ആറൻമുള വള്ളംകളി നടക്കുന്നത്. വെള്ളം തുറന്നുവിടുമ്പോൾ മണൽ വാരൽ അനധികൃതമായി നടക്കുന്നതുകൊണ്ട് മണൽക്കുഴികളിൽക്കൂടി വെള്ളം ഒഴുകിവരുമ്പോൾ, വള്ളംകളി നടക്കുന്ന സമയത്ത് വെള്ളം ഒഴുകിയെത്താറില്ല. കഴിഞ്ഞ വർഷം വള്ളംകളി നടന്നപ്പോൾ നദിയുടെ മദ്ധ്യഭാഗത്ത് മുട്ടിനുതാഴെമാത്രമെ വെള്ളമുണ്ടായിരുന്നുള്ളൂ. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. 1951 മുതൽ പ്രവർത്തിക്കുന്ന പള്ളിയോടസേവാ സംഘം 2002-ൽ ഒരു പ്രോജക്ട് കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും സമർപ്പിച്ചു. പമ്പയാറിൽ വള്ളംകളി നടക്കുന്ന നിക്ഷേപമാലി മുതൽ കോയിക്കൽ കടവുവരെയുള്ള ഭാഗത്ത്, ആറന്മുള ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമൂട്ടിൽ ഭാഗം മുതൽ തോട്ടപ്പുതുശ്ശേരി പഞ്ചായത്തിലെ കുളവറക്കടവു വരെ പമ്പാനദിയുടെ കുറുകെ ഒരു "സ്പിൽവേ-കം-ബ്രിഡ്ജ്" പണിയുകയും ആവശ്യമുള്ളപ്പോൾ വെള്ളം തുറന്നുവിട്ട് വള്ളംകളി സുഗമമായി നടത്തുന്നതിനും ഭക്തജനങ്ങളുടെ മനസ്സിൽ കുളിർമ്മയേകുന്നതിനുമുള്ള സംവിധാനമുണ്ടാക്കുന്നതിനായി ഉള്ള ഒരു പദ്ധതിയാണ് സമർപ്പിച്ചിരുന്നത്. അത് പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ചെയ്യാൻ കഴിയുമെന്നാണ് വിശ്വസിച്ചിരുന്നത്. വരുന്ന ഉത്രട്ടാതി ജലമേള സെപ്റ്റംബർ 1-ാം തീയതിയാണ് നടക്കുന്നത്. രണ്ട്-മൂന്ന് വകുപ്പുകൾ ഒന്നിച്ച് സഹകരിച്ചുവെങ്കിൽ മാത്രമേ ഈ കാര്യങ്ങൾ സമയബന്ധിതമായി ചെയ്യാൻ പറ്റുകയുള്ളൂ. ടൂറിസം, സാംസ്കാരികം, ജലവിഭവം എന്നീ വകുപ്പുകൾക്ക് അതീതമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയും ഈ കാര്യത്തിൽ ഉണ്ടാകണം. "സ്പിൽവേ-കം-ബ്രിഡ്ജ്" സെപ്റ്റംബർ 1-നു മുമ്പായിട്ട് ആറന്മുളയിൽ നിർമ്മിക്കുന്നതിന് പതിനൊന്നര കോടി രൂപ ചെലവാകും. ഈ വകുപ്പുകളെല്ലാം കൂടി പതിനൊന്നര കോടി രൂപ കണ്ടെത്തണം, ആറന്മുളയിലെ പമ്പയാറിന്റെ വിരിമാറിൽ നടക്കുന്ന ഭക്തിസാന്ദ്രമായ ആറന്മുള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വള്ളംകളി ഒരു സാംസ്കാരിക പൈതൃകമാണ്. അതു മുന്നോട്ടു സുഗമമായി നടക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വേണം. വള്ളംകളി നടക്കുന്നതിന് വെള്ളമില്ലാത്ത കാരണം പറഞ്ഞ് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചപ്പോൾ ഇന്നുവരെ ആറന്മുള വള്ളംകളി മുടങ്ങിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് പറഞ്ഞത്. ഈ വള്ളംകളിയുമായി സഹകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലയിലെ എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ആയിരം രൂപ വീതം തരുന്നതിനുള്ള ഒരു ജി.ഒ. തന്നെ ഇറക്കി സഹായിച്ചിട്ടുണ്ട്. വള്ളംകളി നടക്കുന്നതിനുവേണ്ടി സ്പിൽവേ-കം-ബ്രിഡ്ജിന്റെ പണി വരുന്ന വള്ളംകളിയോടനുബന്ധിച്ച് എത്രയും വേഗം തീർക്കുകയും മണൽഭിത്തികൾ നീക്കം ചെയ്യുകയും അനധികൃതമായി മണൽ വാരുന്നതുമൂലം ശേഷിച്ചിരിക്കുന്ന സ്ഥലത്ത് വെള്ളം കിട്ടുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിക്കുകയും ചെയ്യണമെന്ന കാര്യത്തിൽ സത്വരനടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, രണ്ട്-മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണുള്ളത്. ആദ്യഭാഗത്ത് മുഴുവൻ ആറന്മുള ഉത്രട്ടാതി വള്ളംകളിയുടെ ചരിത്രപശ്ചാത്തലമൊക്കെ പറഞ്ഞു. ഹിന്ദു വിശ്വാസവും ക്ഷേത്രാരാധനാ ക്രമവുമനുസരിച്ച് ഇതൊരു കർമ്മമാണ്. ആ കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇത് മുടങ്ങാൻ പാടില്ല. മുടങ്ങാതെ കൊണ്ടുപോകേണ്ടത് ആവശ്യവുമാണ്. 2003 സെപ്റ്റംബർ 12-ാം തീയതിയാണ് ജലോൽസവം നടത്താൻ തീരുമാനിച്ചിരുന്നത്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള മണിയാർ ബാരേജിൽ നിന്നാണ് ജലമേളയ്ക്കുവേണ്ടി വെള്ളം സാധാരണ തുറന്നുവിടുന്നത്. മൂഴിയാർ കക്കാട് ജലവൈദ്യുത പദ്ധതിയിൽ നിന്നും പുറംതള്ളുന്ന വെള്ളമാണ് അവിടെ കിട്ടുന്നത്. കഴിഞ്ഞ വർഷം മഴയുടെ തോത് കുറവായിരുന്നു. അതുകൊണ്ട് മണിയാർ ബാരേജിൽ വെള്ളത്തിന്റെ സ്റ്റോറേജും കുറവായിരുന്നു. എങ്കിലും കോഴഞ്ചേരി എക്സിക്യൂട്ടീവ് എൻജിനീയർ 11-9-2003-ൽ ബാരേജ് സന്ദർശിച്ച്, ദിവസം രണ്ടു മണിക്കൂർ മുമ്പ് തന്നെ ജലം തുറന്നുവിടാൻ നിർദ്ദേശം കൊടുത്തു. അങ്ങനെ 12-9-2003-ന് രാവിലെ 5.30-ന് ബാരേജ് തുറന്നുവിട്ടു. പക്ഷേ സംഭവിച്ചത് നദിയിൽ നീരൊഴുക്ക് കുറവായിരുന്നതുകൊണ്ട് ജലോൽസവത്തിന് സമയമായപ്പോൾ ആവശ്യത്തിന് വെള്ളം കിട്ടിയില്ല. അങ്ങനെ ജലോൽസവം മുടങ്ങുകയാണ് ചെയ്തത്. ഇത് മുടങ്ങാതെ കൊണ്ടുപോകാനുള്ള ക്രമീകരണത്തെ സംബന്ധിച്ചാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, ഒരു സ്പിൽവേ അല്ലെങ്കിൽ ഒരു ചെക്ക് ഡാം നിർമ്മിച്ച് വെള്ളം സ്റ്റോർ ചെയ്താൽ വള്ളംകളി മുടങ്ങുകയില്ലായെന്നു പറഞ്ഞു. അതിന് വളരെ വലിയ തുക ആവശ്യമുണ്ട്. എങ്കിലും ഇതിന്റെ ചരിത്രപ്രാധാന്യം കണക്കിലെടുത്ത് ഈ കാര്യം

അനുഭാവപൂർവ്വമാണ് ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ആറന്മുള ജലോൽസവത്തിന്റെ മഹിമയും പ്രാധാന്യവും ഞങ്ങൾ ഒട്ടും കുറച്ചുകണ്ടിട്ടില്ല. . ജലോൽസവം നടക്കുന്ന ഭാഗത്ത് അവിടെ കുറേ മണൽ പുറ്റുകൾ ഉണ്ടായിരുന്നു. അതെല്ലാം മാറ്റിക്കൊടുത്തു. സ്റ്റേറ്റ് ഗവൺമെന്റ് തന്നെ പണം മുടക്കി ഒരു ഗ്യാലറി നിർമ്മിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. അങ്ങനെ അത്യാവശ്യ കാര്യങ്ങൾ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ചെയ്തുകൊടുത്തിട്ടുണ്ട്. അടുത്ത വർഷം കുറച്ചുകൂടി മെച്ചപ്പെട്ട ഒരവസ്ഥ ഉണ്ടാക്കാനുള്ള ശ്രമം നടത്താം. സ്പിൽവേ പണിയുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ടൂറിസം ഡിപ്പാർട്ട്മെന്റിൽ നിന്ന് കിട്ടിയ മറുപടിയിൽ ഇങ്ങനെയൊരു പരാതി ഉണ്ടായത് അറിഞ്ഞിരുന്നില്ല എന്നു പറഞ്ഞു. അത് സ്വാഭാവികമാണ്. ടൂറിസം ഡിപ്പാർട്ട്മെന്റിൽ അങ്ങനെ ഒരു പരാതി പോയിട്ടില്ല. കഴിഞ്ഞ പ്രാവശ്യം ജലോൽസവം നടന്നില്ലായെന്നുള്ള പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുക്കുകയും അത് എനിക്ക് തരുകയും ചെയ്തു. ഞങ്ങളുടെ ഡിപ്പാർട്ട്മെന്റാണ് അതു പരിശോധിച്ചത്. അതുകൊണ്ടാണ് ടൂറിസം ഡിപ്പാർട്ട്മെന്റ് അങ്ങനെ പറയാനുണ്ടായ കാരണം. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീമതി മാലേത്ത് സരളാദേവി:</u> സർ, മതിയായ വെള്ളമുണ്ടാക്കി വള്ളംകളി നടപ്പിൽ വരുത്തുമെന്ന് ഉറപ്പാക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> സർ, ഞാൻ മറുപടി പറഞ്ഞു. ഇപ്പോൾ ക്ഷേത്രത്തിന്റെ താഴ്ഭാഗത്ത് ഒരു ചെക്ക് ഡാം അല്ലെങ്കിൽ സ്പിൽവേ പണിത്, അവിടെ വള്ളം കടന്നുപോകുകയും വേണം. അതിന് വലിയ തുക ആവശ്യമായി വരും. അടുത്ത വർഷം ഇതിന്റെ പണി തീരുമെന്ന് 100 ശതമാനവും സഭയിൽ ഉറപ്പിച്ചു പറയാൻ പറ്റില്ല. ഇതിന് ഗവൺമെന്റ് പ്രയോറിറ്റി കൊടുത്തിട്ടുണ്ട്. പ്രയോറിറ്റി കൊടുത്ത് നടപടി സ്വീകരിച്ചു വരുകയാണ്.

<u>ശ്രീമതി മാലേത്ത് സരളാദേവി:</u> സർ, ഒരു ചോദ്യം കൂടി. കാലത്തിന്റെ കടന്നാക്രമണം അതിജീവിച്ച് ഇതൊരു മഹാ സാംസ്കാരിക പൈതൃകമാണെന്ന് ഓർത്തുകൊണ്ട് ഇത് ഗവൺമെന്റിന്റെ ഒരു ഭാഗമാക്കി മാറ്റാൻ നടപടി എടുക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> സർ, ക്ഷേത്രാചാരം അനുസരിച്ച് ഇതൊരു കർമ്മമാണ്. അതൊന്നും ഗവൺമെന്റിന് ഏറ്റെടുക്കാൻ പറ്റില്ല. അത് ദേവസ്വം ബോർഡ് ആലോചിക്കട്ടേ, അല്ലെങ്കിൽ ക്ഷേത്ര ഭരണസമിതികൾ ആലോചിക്കട്ടേ. അങ്ങനെയേ പറ്റൂ.

LIBRARY ARCHIVES Kerala Legislative Assembly